# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1900 22/01/2014ലെ മറുപടിക്ക്

## സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കാൻ നടപടി

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പെൻഷൻ പ്രായം 56 ആയി ഉയർത്തിയ സാഹചര്യത്തിൽ വിവിധ റാങ്ക് ലിസ്റ്റുകളിലുളളവരുടെ അവസരങ്ങൾ നഷ്ടപ്പെടാതിരിക്കാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) പെൻഷൻ പ്രായം 56 ആയി ഉയർത്തിയ സാഹചര്യത്തിൽ വിവിധ റാങ്ക് ലിസ്റ്റുകളിലുളള വരുടെ അവസരങ്ങൾ നഷ്ടപ്പെടാതിരിക്കാൻ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നാല് തവണ ദീർഘിപ്പിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ 31.3.2014 വരെ ദീർഘിപ്പിച്ചിരിക്കുകയാണ്. ഇതുകൂടാതെ നിലവിലുളള എല്ലാ ഒഴിവുകളും, 2014 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പെൻഷൻ പ്രായ വർദ്ധനവിനുശേഷം നാളിതുവരെ എത്ര പേർക്ക് പി.എസ്.സി നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) പെൻഷൻ പ്രായ വർദ്ധനവിനുശേഷം നവംബർ 2013വരെ ആകെ 53878 ഉദ്യോഗാർത്ഥികൾക്ക് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (സി) നാളിതുവരെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കാത്ത ഒഴിവുകൾ ഉണ്ടോ; എങ്കിൽ അടിയന്തിരമായി സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ? | (സി) വിരമിക്കൽ തീയതി ഏകീകരണം നിർത്തലാക്കിയ സാഹചര്യത്തിൽ ഉദ്യോഗസ്ഥർ അതാതു മാസം തന്നെ വിരമിക്കുന്നതിനാൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കേണ്ട ആവശ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ